സിവിൽ സ്റ്റേഷനുകളുടെ നിർമ്മാണ പുരോഗതി

90. [1914] ശ്രീ. ജോർജ്ജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട, നെയ്യാറ്റിൻകര എന്നീ സ്ഥലങ്ങളിലെ സിവിൽ സ്റ്റേഷൻ നിർമ്മാണ ജോലികൾ പൂർത്തിയായിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) 1995-96-ൽ ഏതെല്ലാം സ്ഥലങ്ങളിൽ സിവിൽ സ്റ്റേഷൻ നിർമ്മാണം ആരംഭിച്ചുവെന്നും ഓരോന്നിന്റെയും പണി ഏത് ഘട്ടത്തിലിരിക്കുന്നുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ, ബി, സി) വിവരം ശേഖരിച്ചു വരുന്നു.

കുന്നംകുളം സർക്കാർ ആശുപത്രിയുടെ കെട്ടിടം പണി

91. [1915] ശ്രീ. ടി. വി. ചന്ദ്രമോഹൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നംകുളം സർക്കാർ ആശുപത്രിയുടെ പുതിയ കെട്ടിടം പണി പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് മുനിസിപ്പാലിറ്റിയുമായി കരാർ നിലവിലുണ്ടോ;

(സി) കെട്ടിടംപണി ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ ; കെട്ടിടം പണിയുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഫൗണ്ടേഷൻ ഡിസൈൻ കിട്ടിയിട്ടില്ല. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെയാണ് പണി ഏൽപ്പിച്ചിരിക്കുന്നത്.

പുരാതന കെട്ടിടങ്ങൾ നിലനിർത്തുന്നതിന് നടപടി

92. [1916] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പുരാതന കെട്ടിടങ്ങൾ നിലനിർത്തുന്നതിനായി പൊതുമരാമത്ത് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly